**SUBJECT CODE: 012**

# THE INDIAN SCHOOL, AL GHUBRA
## SECOND ASSESSMENT (2006-2007)
## CLASS: IX - MALAYALAM

**Time allowed: 3 hrs** **M. Marks: 100**

***General Instructions:***

- *Please check that this question paper contains 3 printed pages.*
- *Please check that this question paper contains 5 questions*
- *Please write down the serial number of the question before attempting it.*
- *Code number given on the right hand side of the question paper should be written on the title page of the answer-book by the candidate.*

### എ വിഭാഗം

**1.** (a) രണ്ടു പര്യായങ്ങൾ വീതമെഴുതുക 1
നെറ്റി

(b) വിപരീതപദം എഴുതുക 1
പ്രഭാതം

(c) അർത്ഥവ്യത്യാസമെഴുതുക 1
(1) പോത് - തോത്

(d) നാനാർത്ഥമെഴുതുക 1
കുറി

(e) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക 4
(1) കൗരവപാണ്ഡവർ
(2) കാട്ടാറ്
(3) മൃഗരാജൻ
(4) അജ്ഞാതപ്രപഞ്ചം

(f) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക 4
(1) ചെങ്കാൽ
(2) നാലായിരം
(3) ജീവനോപായം
(4) ഞൊടിയിട

(g) പ്രയോഗം മാറ്റുക 2
(1) ചിപ്പി മുത്തിനെ വിളിച്ചു.
(2) സമർത്ഥനായ ഡോക്ടർ സഞ്ജയൻെറ അപേക്ഷ സ്വീകരിച്ചു.

(h) അർത്ഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക. 2
(1) അതിപുരാതന സംസ്കാരങ്ങളുടെ അദ്ഭുതാവശിഷ്ടങ്ങളും, മനുഷ്യപ്രയത്നത്തിൻെറ പരിണതഫലങ്ങളും ആ മണ്ണിൽ ഇടകലർന്നു വിലസുന്നു
(2) പിറ്റേ ദിവസം രാവിലെ ഇഞ്ചെക്ഷൻ കഴിഞ്ഞവരാരും രാത്രി ഉറങ്ങിയിട്ടില്ലെന്ന വിവരം പരസ്യമായി.

(P.T.O)

(i) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക 2
സൂര്യരശ്മിസ്പർശമേൽക്കാത്ത, ഘോരവനാന്തരങ്ങളും ചുട്ടുപൊള്ളുന്ന മരുപ്പരപ്പുകളോ പുൽത്തുരുത്തുകളും മാറിമാറിപ്പുണർന്നുകൊണ്ടാണ് ആ മഹാനദി ഒടുവിൽ മധ്യധരണ്യാഴിയെ ശരണം പ്രാപിക്കുന്നത്.

(j) അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക 2
നൈൽക്കപ്പലിലൂടെ യാത്രചെയ്യുമ്പോൾ ഇരുപാടും കാണുന്ന വിചിത്രലോകവും അവയിലെ ജീവിത ചലനങ്ങളും നമ്മെ അമ്പരപ്പിക്കുന്നു.

**2.** (a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് മൂന്നു പുറത്തിൽ കവിയാതെ ഉപന്യസിക്കുക: 10
(1) വായനയുടെ പ്രാധാന്യം
(2) സിനിമ - നേട്ടങ്ങളും കോട്ടങ്ങളും
(3) തൊഴിലധിഷ്ഠിതവിദ്യാഭ്യാസം

(b) നിങ്ങളുടെ പിറന്നാൾ ദിനത്തിൽ പങ്കെടുക്കാനെത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സുഹൃത്തിന് ഒരു കത്തെഴുതുക 10

(c) താഴെ കൊടുത്തിട്ടുള്ള ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.
ചാക്യാന്മാരും നങ്ങ്യാന്മാരും കൂടി സംസ്കൃതനാടകങ്ങൾ അഭിനയിക്കുന്നതിനാണ് കൂടിയാട്ടമെന്നു പറയുന്നത് (ഏതെങ്കിലും ഒരു നാടകത്തിലെ ഒരു അങ്കം തിരഞ്ഞെടുത്ത് കൂടിയാടുന്നതിന് കാഴ്ചക്കൂത്തെന്നു പറയും). കഥകളിക്കു മാർഗ്ഗദർശനം നൽകിയ കലകളിൽ മുഖ്യസ്ഥാനം കൂടിയാട്ടത്തിനാണ്. കൂടിയാട്ടത്തിൻെറ ചടങ്ങുകൾ രാത്രി പത്ത് നാഴിക ഇരുട്ടുമ്പോൾ ആരംഭിക്കുന്നു. കുലവാഴ, കുരുത്തോല, നിറപറ, അഷ്ടമംഗല്യം-തുടങ്ങിയവ കൊണ്ട് കൂത്തമ്പലം അലങ്കരിക്കുന്നു. ആദ്യമായി മിഴാവ്, കുഴിത്താളം, കൊമ്പ്, ശംഖ്, ഇടയ്ക്ക-ഇവ ചേർന്നുള്ള മേളപ്പദം. അതിനുശേഷം നമ്പ്യാർ മംഗളശ്ലോകവും കഥ സൂചിപ്പിക്കുന്ന പദ്യവും ചൊല്ലുന്നു. പിന്നീടു വിദൂഷകൻ പ്രവേശിച്ച് പുരുഷാർഥപ്രസംഗം നടത്തിയശേഷം കഥാസന്ദർഭത്തെ വിവരിക്കുന്നു. തുടർന്ന് കഥാപാത്രങ്ങളുടെ പ്രവേശകമായി. കഥാപാത്രങ്ങളെല്ലാം വെവ്വേറെ പ്രവേശിച്ച് അവരുടെയെല്ലാം വ്യക്തിമുദ്രകളെയും സ്തോഭഭാവങ്ങളെയും പ്രത്യേകമായിത്തന്നെ പ്രകടിപ്പിച്ചാണ് രസനിഷ്ഠമായ ഏതൊരു അങ്കത്തിലെയും കഥാഭിനയം നടത്തുന്നത്. കർട്ടൻ താഴ്ത്തി ആദ്യത്തെ കഥാപാത്രം പ്രവേശിക്കുന്നതോടുകൂടി 'കൂത്തുപുറപ്പാട്' എന്ന പ്രഥമ ചടങ്ങ് കഴിയുന്നു. തുടർന്ന് നിർവ്വഹണം നടക്കും. ഇത് മിക്കവാറും രണ്ടാം ദിവസമായിരിക്കും. സൂത്രധാരൻ പ്രവേശിച്ച് പുറപ്പാടുകഴിഞ്ഞ കഥാപാത്രത്തെ പരിചയപ്പെടുത്തുകയാണ് ഈ ചടങ്ങ്. രംഗവിധാനത്തിലും കഥാപാത്രങ്ങളുടെ വേഷവിധാനത്തിലും കൂടിയാട്ടത്തിൻെറ സ്വാധീനം കഥകളിയിൽ ഏറെ പ്രകടമാണ്.

(1) കൂടിയാട്ടത്തിൽ രസനിഷ്ഠമായ ഏതൊരു അങ്കത്തിലും കഥാഭിനയം നടത്തുന്നത് എപ്രകാരമാണ്? 2
(2) എന്താണു കാഴ്ചക്കൂത്ത്? 2
(3) കൂടിയാട്ടത്തിലെ മേളപ്പദത്തിൽ ഉപയോഗിച്ചുവരാറുള്ള വാദ്യങ്ങൾ ഏതെല്ലാം? 2
(4) നിർവ്വഹണം എന്ന ചടങ്ങിൻെറ പ്രത്യേകതയെന്ത്? 2
(5) ഈ ഖണ്ഡികയ്ക്ക് ഉചിതമായ ഒരു ശീർഷകം നൽകുക. 2

## ബി വിഭാഗം

**3.** (a) 'കപ്പലിനെ കണ്ട ആഹ്ലാദത്തോടെ അവർ തീയ്ക്കു ചുറ്റും നൃത്തം വയ്ക്കുന്നു.'

(i) നൃത്തം വയ്ക്കുന്നതാര് ? 1

(ii) ഏതു യാത്രാവിവരണ പുസ്തകത്തിൽനിന്നാണ്ഈ വാക്യമെടുത്തിട്ടുള്ളത് ? 1

(iii) സന്ദർഭമെഴുതുക. 2

(b) പി.കുഞ്ഞിരാമൻ നായരുടെ തിരിച്ചുവരവിൽ ജന്മനാടിന്റെ പ്രതികരണങ്ങൾ എന്തെല്ലാമായിരുന്നു ? 4

(c) സഞ്ജയൻ ഇഞ്ചെക്ഷനിൽ നിന്ന് ഒഴിഞ്ഞതെങ്ങനെ ? 4

(d) നൈൽക്കരയിലെ കാടുകളുടെ വൈചിത്ര്യവും ഭീകരതയും വ്യക്തമാക്കിയിരിക്കുന്നതെങ്ങനെ ? 4

(e) 'പുഷ്പഗോപുരം' എന്ന പാഠഭാഗത്ത് യാത്രയുടെ ആവിഷ്കാരം ചിത്രീകരിച്ചിരിക്കുന്നത് വിവരിക്കുക. 4

**4.** (a) 'സംഗതിവന്നിട്ടില്ലിക്കൃതിക്കാളുകൾ
സന്തതം നെഞ്ചേറ്റി ലാളിയ്ക്കയാൽ'

(i) ഏതു കൃതിയ്ക്ക് ? 1

(ii) സംഗതി വന്നിട്ടില്ലാത്തതെന്തിന് ? 1

(iii) കവിതയിൽ സൂചിപ്പിച്ചിട്ടുള്ള കൃതിയുടെ സവിശേഷതകൾ എന്തൊക്കെയാണ് ? 2

(b) 'കൊള്ളാമിവനുടെ തൊഴിലെന്നൊരു തിരു-
വുള്ളം ഭഗവാനെങ്കലുറച്ചു.' ഭഗവാനാര് ?
ഭഗവാന് ആരോടാണിഷ്ടം തോന്നിയത് ?
ഇഷ്ടം തോന്നാനിടയായ സന്ദർഭമെഴുതുക. 4

(c) 'കേൾക്കാമിതിങ്കൽ നിന്നുൾക്കുളിർക്കേ!' ഏതു കവിതയിലെ വരികളാണിത് ? കവിയാര്? ഉൾക്കുളിർക്കെ കേൾക്കാൻ കഴിയുന്നതെന്ത് ? 4

(d) 'അമ്പൊടു കുംഭമടിച്ചു പിളർന്നു.' കുംഭമടിച്ചു പിളർത്തിയതാര്? സന്ദർഭമെഴുതുക. 4

(e) ആകാശചാരികളുടെ സംഗീതം കേൾക്കുന്ന നക്ഷത്രങ്ങളെപ്പോലും ആഹ്ലാദസ്തബ്ധരാക്കുന്നതെന്ത് ? 4

**5.** "ഒരു ദേശത്തിന്റെ ചരിത്രകഥകൾ സുന്ദരമായി ആവിഷ്കരിച്ചിരിക്കുന്ന കൃതിയാണ് ബുദ്ധൻ പിറന്ന മണ്ണിൽ" – ഈ അഭിപ്രായം പരിശോധിക്കുക. 10

**(അല്ലെങ്കിൽ)**

''കെ. എൽ മോഹനവർമയുടെ 'ബുദ്ധൻ പിറന്ന മണ്ണിൽ' എന്ന യാത്രാവിവരണകൃതിയിലൂടെ ഒരു നല്ല സഞ്ചാരിയെ നമുക്കു കാണാൻ സാധിക്കുന്നു.'' വിശദമാക്കുക.

■